"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീ. അഭിലാഷ് പി.എ, ഫീൽഡ് വർക്കർ, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, ആലപ്പുഴ - പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധിയുടെ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1564/2026/H&FWD തീയതി, തിരുവനന്തപുരം, 27-04-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം.805/2024/ആ.കു.വ തീയതി 15.03.2024.
2. ശ്രീ. അഭിലാഷ് പി.എ സമർപ്പിച്ച 12.02.2025 തീയതിയിലെ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.03.2025 തീയതിയിലെ ഇ.ജി5-8434/2025/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഫീൽഡ് വർക്കർ ശ്രീ.അഭിലാഷ് പി.എ -യ്ക്ക് 01.02.2023 മുതൽ 31.05.2025 വരെ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പഠനകാലയളവ് 01.02.2023 മുതൽ 31.01.2025 വരെ രേഖപ്പെടുത്തിയ പരിഷ്കരിച്ച കോഴ്സ് സർട്ടിഫിക്കറ്റിന്റെയും പുനഃപ്രവേശന അപേക്ഷയുടെയും അടിസ്ഥാനത്തിൽ ടിയാൻ 01.02.2025 പൂർവാഹ്നത്തിൽ സേവനത്തിൽ പുനഃപ്രവേശിച്ചിരുന്നു. പ്രസ്തുത ശൂന്യവേതനാവധിയിലെ ഉപയുക്തമാക്കാത്ത 01.02.2025 മുതൽ 31.05.2025 വരെയുള്ള കാലയളവ് റദ്ദ് ചെയ്യണമെന്ന ശ്രീ. അഭിലാഷ് പി.എ-യുടെ പരാമർശം (2) അപേക്ഷ പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ഡിവി.സി യൂണിറ്റിലെ ഫീൽഡ് വർക്കറായി സേവനമനുഷ്ഠിക്കുന്ന ശ്രീ. അഭിലാഷ് പി.എ-യ്ക്ക് പരാമർശ ഉത്തരവ് പ്രകാരം 01.02.2023 മുതൽ 31.05.2025 വരെ പഠനാവശ്യത്തിനായി അനുവദിച്ചു നൽകിയ ശൂന്യവേതനാവധിയിൽ, ഉപയുക്തമാക്കാത്ത 01.02.2025 മുതൽ 31.05.2025 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജി സി എൻ
അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ, ആലപ്പുഴ.
ശ്രീ. അഭിലാഷ്. പി.എ, ഫീൽഡ് വർക്കർ, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, ആലപ്പുഴ.
ബയോളജിസ്റ്റ്, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, ആലപ്പുഴ.
ധനകാര്യ വകുപ്പ് (10.04.2026 തീയതിയിലെ E 2660884/HLT-B3/3/2024-FIN നമ്പർ അഭിപ്രായക്കുറിപ്പ്

പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള,തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ് (F2/88/2025-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 27-04-2026 16:50:06